(ഇ) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാൻ കഴിയും എന്നാണ് കരുതുന്നത് ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിർമ്മാണത്തിന്റെ ഭാഗമായുള്ള ലാന്റ് റിക്ലമേഷൻ പണികൾ പൂർത്തിയായി. ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) 459 കോടി രൂപ.

(സി) കടൽ ഗവേഷണത്തിന്റെയും ടൂറിസം വികസനത്തിന്റെയും ഭാഗമായി കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിൽ മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും, ഓഷ്യനേറിയവും, മ്യൂസിയവും ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങളും ലഭ്യമായിരിക്കും. ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആംഫി തിയേറ്റർ, കൺവെൻഷൻ സെന്റർ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ ഉണ്ട്.

(ഡി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് കമ്പനിയായി പ്രവർത്തിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ആഗോള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ഇ) 3 ഘട്ടങ്ങളായി പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതി

27 (*507) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിമൂലം മത്സ്യമേഖലയ്ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ബി) പദ്ധതിയുടെ ഭാഗമായി ഹാച്ചറികളുടെയും ഫാമുകളുടെയും നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത് ;

(ഡി) ചെമ്മീൻ വിത്തുല്പാദന മേഖലയിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുംവിധം പദ്ധതി ആസൂത്രണം ചെയ്യുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) രാഷ്ട്രീയ കൃഷിവികാസ് യോജനമൂലം മത്സ്യമേഖലയ്ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യവികസനത്തിലൂടെ ഗുണമേന്മ ഉറപ്പുവരുത്തിയ മത്സ്യങ്ങളുടെ സംസ്ക്കരണവും വിപണനവും സാധ്യമാകുന്നു.

ആർ.കെ.വി.വൈ സംസ്ഥാന മത്സ്യ വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് മത്സ്യോല്പാദനം 75,000 ടണ്ണിൽനിന്ന് 1,26,000 ടൺ ആയി ഉയർത്താൻ സാധിച്ചു.

ഫാമുകളുടെയും ഹാച്ചറികളുടെയും പുനരുദ്ധാരണത്തിലൂടെ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു.

ശരാശരി മത്സ്യോല്പാദനം ഹെക്ടറിന് 2000 കിലോഗ്രാമിൽ നിന്നും 3000 കിലോഗ്രാം ആയി ഉയർത്താൻ സാധിച്ചു.

വംശനാശഭീഷണി നേരിടുന്ന കേരളത്തിന്റെ തനത് മത്സ്യമായ കരിമീനിന്റെ നിലവിലുള്ള ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും കരിമീൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

സ്ത്രീ സ്വയം സഹായ സംഘങ്ങൾക്ക് അലങ്കാര മത്സ്യകൃഷിയിലും, വിപണനത്തിലും പരിശീലനം നൽകി. അലങ്കാര മത്സ്യ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

ഒരു നെല്ലും ഒരു മീനും പദ്ധതിയിലൂടെ നെല്ല് ഉല്പദാനം 15% വർദ്ധിപ്പിക്കുന്നതിനും, മത്സ്യ/ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) ഉണ്ട്. വാണിജ്യ പ്രാധാന്യമുള്ള മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ നിലവിലുള്ള ഫാമുകളും ഹാച്ചറികളും നവീകരിക്കുന്നതിനായി 1974.466 ലക്ഷം രൂപയുടെ പദ്ധതികൾ ആർ.കെ.വി.വൈ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

വർഷം	ഹാച്ചറികളുടെ നവീകരണത്തിനായി അംഗീകരിച്ച തുക (ലക്ഷം)
2008-9	622.736 രൂപ
2009-10	582.00 രൂപ
2010-11	769.73 രൂപ
ആകെ	1974.466 രൂപ

(സി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 2007-08-ൽ 91.50 ലക്ഷം രൂപയും 2008-09-ൽ 12 കോടി രൂപയും, 2009-10-ൽ 24.46 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയും 2010-11-ൽ 33.95 കോടി രൂപയും മത്സ്യമേഖലയ്ക്ക് അംഗീകരിക്കുകയും ഇതിൽ 2007-08-ൽ 91 ലക്ഷം രൂപയും, 2008-09 -ൽ 11 കോടി രൂപയും, 2009-10-ൽ 12.9683 കോടി രൂപയും അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) ഉൾനാടൻ മേഖലയിൽ മത്സ്യ/ചെമ്മീൻ വിത്തുല്പാദനം വർദ്ധിപ്പിക്കുക, മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യങ്ങളോടുകൂടിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന ആസൂത്രണം ചെയ്തിട്ടുള്ളത്.

കുറ്റാന്വേഷണരംഗത്ത് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ

28 (*508) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റാന്വേഷണരംഗത്ത് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത് ;

(സി) നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നില്ലെന്നുറപ്പു വരുത്താനും തെളിവുകളുടെ വിശകലനം ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് സാധ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ സമൂലമായ ഒരു മാറ്റം പോലീസ് സംവിധാനത്തിൽ കൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കുറ്റാന്വേഷണത്തിന് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങളാണ് ഇപ്പോൾ അവലംബിച്ചുവരുന്നത്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേയ്ക്ക് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലകളിൽ, ജില്ലാ/സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡി.എൻ.എ. ലാബ്, സൈബർ ഫോറൻസിക് വിഭാഗം എന്നിവ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ്

LIBRARY ARCHIVES Kerala Legislative Assembly